LIBRARY ARCHIVES Kerala Legislative Assembly

വെറ്റിലപ്പാറയിലെ പോലീസ് സ്റ്റേഷനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ടൂറിസം ഇൻഫർമേഷൻ സെന്റർ

249 (2122) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളിയിൽ ടൂറിസം പോലീസിന്റെ കീഴിൽ വെറ്റിലപ്പാറയിലെ പോലീസ് സ്റ്റേഷനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ടൂറിസം ഇൻഫർമേഷൻ സെന്റർ ഉത്ഘാടനം കഴിഞ്ഞുവെങ്കിലും പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇൻഫർമേഷൻ സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ടൂറിസം പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതടക്കമുള്ള സൗകര്യങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടൂറിസം ഇൻഫർമേഷൻ സെന്ററിൽ വൈദ്യുതിയുടെയും വെള്ളത്തിന്റെയും കണക്ഷനുകൾ ഇതുവരെയും ലഭ്യമായിട്ടില്ല. ആയതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത കണക്ഷനുകൾ ലഭ്യമായാലുടൻ ടൂറിസം ഇൻഫർമേഷൻ സെന്റർ അതിരപ്പിള്ളിയിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) അതിരപ്പിള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി ഒരു ടാറ്റാ സുമോ വാഹനം അനുവദിച്ചിട്ടുണ്ട്.

അച്ചടക്ക നടപടിക്ക് വിധേയരായ പോലീസുകാർ

250 (2123) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് സേനയിൽ സ്വഭാവദൂഷ്യത്തിനോ, മറ്റു കുറ്റകൃത്യങ്ങളുടെ പേരിലോ അച്ചടക്ക നടപടിക്ക് വിധേയരായ പോലീസുകാരുടെ എണ്ണം ലഭ്യമാക്കുമോ ;

(ബി) ഇവരിൽ പിരിച്ചുവിടപ്പെട്ടവരും സസ്പെൻഷന് വിധേയമായവരും സ്ഥലം മാറ്റിയവരും എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ പോലീസുകാർ പ്രതികളായ എത്ര സ്ത്രീ പീഡന കേസുകളും ബലാത്സംഗക്കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സസ്പെൻസ് ചെയ്യപ്പെട്ട എത്ര പേരെ ഇതിനകം തിരിച്ചെടുക്കുകയുണ്ടായിട്ടുണ്ട് ; സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ടവരെത്രയെന്ന് വ്യക്തമാക്കാമോ ?